# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6665 04.04.2018-ൽമറുപടിക്ക്

## ഐ.ഇ.ഡി.എസ്.എസ്.സ്കീം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.ദാസൻ** | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| എ) ആർ.എം.എസ്.എ./എസ്.എസ്.എ. പദ്ധതികളുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ഇ.ഡി.എസ്.എസ്. ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ;<br><br>ബി) ഐ.ഇ.ഡി.എസ്.എസ്. ഏകീകൃത പദ്ധതിയായി മാറുമ്പോൾ പ്രത്യേക സെൽ രൂപീകരിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനപിന്തുണയ്ക്ക് അവസരം ഒരുക്കുമോ;<br><br>സി) ഈ സംവിധാനത്തിൽ റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം എന്ന് നടത്തുമെന്നും അവധിക്കാലത്ത് ഭിന്നശേഷി ക്കാരായ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസന ത്തിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കാൻ നടപടികൾ കൈക്കൊ ള്ളുമോ; വ്യക്തമാക്കുമോ? | എ) യും ബി) യും സി) യും | എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതി ആക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതി ആക്കുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനും അനുസൃതമായിരിക്കും. പ്രത്യേക സെൽ രൂപീകരണം , റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം , വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസനത്തിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കൽ എന്നിവ ടി രൂപീകരണത്തിന് ശേഷം തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ